ജോയിന്റ് രജിസ്ട്രാർ (I)

Cectt. 37/3/535/2017/3 Lakh GPM © Govt. of Kerala

GOVERNMENT OF KERALA

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

**സർക്കുലർ**

നം.99/2018/ധന തീയതി.തിരുവനന്തപുരം..31.10.2018

വിഷയം: സാലറി ചലഞ്ച് – പുതുക്കിയ മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്.

സൂചന: 1. സ. ഉ. (അച്ചടി) 144/2018/ധന തിയതി 11-09-2018

2. 09.10.2018 ലെ ഒ.പി (കെ എ ടി) 349/2018 എന്ന കേസിലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം.

സംസ്ഥാനത്ത് അപ്രതീക്ഷിതമായി സംഭവിച്ച പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് നവകേരളസൃഷ്ടിക്കായി സർക്കാർ ജീവനക്കാരുടെ തന്നെ ആകെ ശമ്പളം പത്ത് മാസഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുന്നതിനായി സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന(2) ലെ ഉത്തരവിൽ ബഹു. ഹൈക്കോടതിയും, തുടർന്നുള്ള അപ്പീലിൽ ബഹു.സുപ്രീംകോടതിയും പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (1) ഉത്തരവിലെ Clause (10), clause (11) എന്നിവ ഒഴിവാക്കിക്കൊണ്ട് താഴെപ്പറയുന്ന പ്രകാരമുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. ഒരു മാസത്തെ ആകെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതിലേക്കായി സൂചന (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ clause (10), clause

(11) ഒഴികെയുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പ്രാബല്യത്തിൽ ഉണ്ടാകുന്നതാണ്. ടി ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള പ്രൊഫോർമ നീക്കം ചെയ്യുന്നു.

2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ ഗഡുക്കളായോ നൽകാൻ സന്നദ്ധരായവരിൽ നിന്നും സമ്മതം ഡി.ഡി.ഒ മാർ സമാഹരിച്ച് സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്താൻ പാടില്ല.

3. നിലവിൽ ഒരു മാസത്തെ ആകെ ശമ്പളം സൂചന (1) പ്രകാരമുള്ള വിവിധ ഓപ്ഷനുകൾ വഴി സമ്മതം നൽകി സംഭാവന നൽകിത്തുടങ്ങിയ ജീവനക്കാർ ഇനിയും പ്രത്യേകം സമ്മതം നൽകേണ്ടതില്ല. ബന്ധപ്പെട്ട ഡി.ഡി.ഒ മാർ മുൻ സമ്മതപ്രകാരമുള്ള തുക കുറവ് വരുത്തേണ്ടതാണ്.

4. ഒരു മാസത്തെ ആകെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർക്ക് അവരുടെ സാമ്പത്തിക ശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നേരിട്ട് നൽകാവുന്നതാണ്.

5. കരാർ ജീവനക്കാർ/ദിവസവേതനക്കാർ/താൽക്കാലികജീവനക്കാർ എന്നിവർക്ക് അവരുടെ സാമ്പത്തിക ശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നേരിട്ട് സംഭാവന നൽകാവുന്നതാണ്.

6. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ആകെ ശമ്പളം സംഭാവന നൽകുന്ന സ്കീമിൽ പുതിയതായി ചേരുന്നതിന് സന്നദ്ധതയുള്ള ജീവനക്കാരിൽ നിന്നും ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ പത്തോ അതിൽ കുറവ് ഗഡുക്കളായോ സ്പാർക്ക് മുഖാന്തിരം കുറവ് ചെയ്യണം. സൂചന (1) ഉത്തരവ് പ്രകാരം ലഭ്യമായ ഓപ്ഷനുകൾ പുതിയതായി സന്നദ്ധരാകുന്നവർക്കും ലഭ്യമായിരിക്കും.

എ.മധുസൂദനൻ നായർ

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്)

Ad A3

01/11/18

ജോയിന്റ് രജിസ്ട്രാർ !!!
ഭരണവിഭാഗം

കേരള സർക്കാർ

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

**സർക്കുലർ**

നം. 100/2018/ ധന. തീയതി. തിരുവനന്തപുരം, 31/10/2018

വിഷയം – സാലറി ചലഞ്ച് - ശമ്പള ബില്ല് - നിർദ്ദേശങ്ങൾ -സംബന്ധിച്ച്.

സൂചന :1. സ. ഉ. (അച്ചടി) 144/2018/ധന. തീയതി 11/09/2018

2. സർക്കുലർ നം : 99/2018/ധന. തീയതി 31/10/2018

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് സൂചന (1) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങളും സൂചന (2) പ്രകാരം പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ശമ്പള ബില്ലുകൾ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**ഒക്ടോബർ മാസത്തെ ശമ്പളം മാറുന്നതിനായി ഇതിനോടകം തന്നെ ട്രഷറിയിൽ** സമർപ്പിച്ച ശമ്പള ബില്ലുകൾ സൂചന (2) പ്രകാരമുള്ള പുതിയ സർക്കുലറിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമാണെങ്കിൽ ബന്ധപ്പെട്ട ഡി ഡി ഒ മാർ ഇത് സംബന്ധിച്ച് ഒരു സാക്ഷ്യപ്പെടുത്തൽ ട്രഷറി ഓഫിസർക്ക് സമർപ്പിച്ച ബില്ല് മാറാവുന്നതും അങ്ങനെ അല്ലെങ്കിൽ അവ തിരികെ **വാങ്ങി പുതിയ സർക്കുലർ പ്രകാരം ബില്ല് തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കേണ്ടതുമാണ്.** കൂടാതെ ഇനി സമർപ്പിക്കാനുള്ള ശമ്പള ബില്ലുകളിൽ സൂചന (2) പ്രകാരമുള്ള പുതിയ സർക്കുലറിന്റെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തയ്യാറാക്കി ഇന്നു തന്നെ ട്രഷറിയിൽ **സമർപ്പിക്കേണ്ടതാണ്. ശമ്പളം യഥാസമയം തന്നെ മുൻനിശ്ചയിച്ച പ്രകാരം വിതരണം ചെയ്യേണ്ടതാണ്.**

മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഡി ഡി ഒ മാർ കർശനമായി പാലിക്കേണ്ടതും ആയത് ബന്ധപ്പെട്ട വകുപ്പ് തലവൻമാർ ഉറപ്പാക്കേണ്ടതുമാണ്.

മനോജ് ജോഷി

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

രജിസ്ട്രാർ,
മഹാത്മാഗാന്ധി സർവകലാശാല,
കോട്ടയം.

## മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.7837/എ3/2/2018/ഭ.വി. തീയതി : 01/11/2018

മഹാത്മാഗാന്ധി സർവകലാശാലാ ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർക്കാർ പരിപത്രം നം.99/2018/ധന. തീയതി 31/10/2018, നം.100/2018/ധന. തീയതി 31/10/2018 എന്നിവ സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

ഇതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
മനോജ് കുമാർ കെ. എസ്.
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭ വി)
രജിസ്ട്രാർക്കു വേണ്ടി

1) എല്ലാ വിഭാഗങ്ങളും/ഡിപ്പാർട്ട്മെന്റുകളും/സെന്ററുകളും.
2) വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി.
3) രജിസ്ട്രാർ./എഫ്.ഒ./ സി.ഇ. എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറുമാർ.
4) ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെൻറ്, മഹാത്മാഗാന്ധി സർവകലാശാല
5) പി.ആർ.ഒ./സിസ്റ്റം അഡ്മിനിസ്ട്രേഷൻ/സി.എം.എസ്. (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി).
6) എഫ്.സി.സി./എ.സി.സി./ഫിനാൻസ് I/ IV/ഓഡിറ്റ് I/V/ഐ.ക്യൂ.എ.സി
7) എഡി എ1/ എഡി.എ II/എഡി.എ IV/എഡി എ V/എഡി.സി.I/II/III.
8) സ്റ്റോക്ക് ഫയൽ/റെക്കാർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

ഫയൽ നം.എ.ഡി.എ.III/2/850/2018/ഭ.വി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ